2024 AUGUST
31
SATURDAY

www.societytodaynews.com

# സൊസൈറ്റി ടുഡേ
SOCIETY TODAY e-paper

വയബീൻ
വയനാടൻ ഉൽപ്പന്നങ്ങൾ
Home Delivery
9847 12 9091, 96455 97621




## ജിഡിപി വളർച്ച 6.7 ശതമാനമായി കുറഞ്ഞു

**കൊച്ചി:** ഏപ്രിൽ മുതൽ ജൂൺ വരെയുള്ള ആദ്യ ത്രൈമാസ ക്കാലയളവിൽ ഇന്ത്യയുടെ ആഭ്യന്തര മൊത്തം ഉത്പാദനത്തിലെ (ജിഡിപി) വളർച്ച 6.7 ശതമാനമായി കുറഞ്ഞു. മുൻവർഷം ഇതേകാലയളവിൽ വളർച്ച 8.2 ശതമാനമായിരുന്നു. ഇക്കാലയളവിൽ വളർച്ച 7.2 ശതമാനമാകുമെന്നാണ് റിസർവ് ബാങ്ക് പ്രവചിച്ചിരുന്നത്. ജനുവരി മുതൽ മാർച്ച് വരെയുള്ള കാലയളവിൽ വളർച്ച 7.8 ശതമാനമായിരുന്നു. ഉത്തരേന്ത്യയിലെ ഉഷ്ണക്കാറ്റും തെരഞ്ഞെടുപ്പ് പ്രവർത്തനങ്ങളും കാരണം ഉപയോഗം ഇടിഞ്ഞതും കാർഷിക, ഖനന മേഖലയിലെ തളർച്ചയുമാണ് ഇത്തവണ തിരിച്ചടിയായത്. പൊതുതെരഞ്ഞെടുപ്പായതിനാൽ കേന്ദ്ര സർക്കാരിൻറെ മൂലധന ചെലവ് കുറഞ്ഞതും വളർച്ചയെ ബാധിച്ചു.

കാർഷിക ഉത്പാദനത്തിലെ വളർച്ച 3.7 ശതമാനത്തിൽ നിന്നും ഇത്തവണ രണ്ട് ശതമാനമായി താഴ്ന്നു. അതേസമയം മാനുഫാക്ചറിങ് രംഗത്തെ വളർച്ച മുൻവർഷം ഇതേകാലയളവിലെ അഞ്ച് ശതമാനത്തിൽ നിന്ന് ഏഴ് ശതമാനമായി ഉയർന്നു. ഖനന, വൈദ്യുതി ഉത്പാദന മേഖലകളും നിരാശ സൃഷ്ടിച്ചു. പതിനഞ്ച് മാസത്തിനിടയിലെ ഏറ്റവും കുറഞ്ഞ വളർച്ച നിരക്കാണ് ഇത്തവണ ജിഡിപിയിലുണ്ടായത്.

ഏപ്രിൽ മുതൽ ജൂൺ വരെയുള്ള കാലയളവിൽ പ്രതീക്ഷിച്ച പ്രകടനം നടത്താനായില്ലെങ്കിലും ആഗോള തലത്തിൽ ഏറ്റവും മികച്ച വളർച്ച നേടുന്ന രാജ്യമെന്ന പദവി ഏപ്രിൽജൂൺ കാലയളവിലും ഇന്ത്യ നിലനിറുത്തി. ഇക്കാലയളവിൽ ചൈനയുടെ വളർച്ച നിരക്ക് 4.7 ശതമാനമായിരുന്നു. ഇന്ത്യൻ സാമ്പത്തിക മേഖലയിൽ ദൃശ്യമായ തളർച്ച താത്കാലികം മാത്രമാണെന്ന് ധനകാര്യ വിദഗ്ധർ പറയുന്നു. കേന്ദ്ര സർക്കാർ വിവിധ പദ്ധതികളിലൂടെ അധിക നിക്ഷേപം നടത്തുന്നതും സാധാരണയിലും മികച്ച കാലവർഷം ലഭിച്ചതും ഗ്രാമീണ, കാർഷിക മേഖലയിൽ വലിയ ഉണർവ് സൃഷ്ടിക്കുമെന്ന് വിലയിരുത്തുന്നു.

നാണയപ്പെരുപ്പം ഗണ്യമായി കുറഞ്ഞതിനൊപ്പം സാമ്പത്തിക മേഖല തളർച്ചയിലേക്ക് നീങ്ങുന്നതും കണക്കിലെടുത്ത് ഒക്റ്റോബറിൽ നടക്കുന്ന ധന അവലോകന യോഗത്തിൽ മുഖ്യ പലിശ നിരക്കിൽ കുറവ് വരുത്താൻ അനുകൂല സാഹചര്യം ഒരുങ്ങുകയാണ്. അമെരിക്ക, യൂറോപ്പ് എന്നിവിടങ്ങളിലെ കേന്ദ്ര ബാങ്കുകളുടെ ചുവടുപിടിച്ച് റിസർവ് ബാങ്കും ഒക്റ്റോബറിൽ റിപ്പോ നിരക്ക് കാൽ ശതമാനം കുറയ്ക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്.

### വീണ്ടും കേന്ദ്രത്തിന്റെ ഓണ സമ്മാനം

# കേരളത്തിന് 287 കോടിയുടെ മത്സ്യബന്ധന പദ്ധതികൾ മൂന്നര ലക്ഷം പേർക്ക് തൊഴിൽ




**മുംബൈ:** കേരളത്തിനു വീണ്ടും കേന്ദ്രത്തിന്റെ വമ്പൻ ഓണ സമ്മാനം. മൂന്നര ലക്ഷത്തിലേറെ പേർക്കു തൊഴിലേകുന്ന, മത്സ്യബന്ധന മേഖലയ്ക്കു വൻ കുതിപ്പു പകരുന്ന അഞ്ചു പദ്ധതികൾക്ക് പ്രധാനമന്ത്രി നരേന്ദ്ര മോദി ഇന്നലെ ഓൺലൈൻ വഴി തറക്കല്ലിട്ടു.

പ്രധാനമന്ത്രി മത്സ്യ സമ്പദ് യോജന പ്രകാരമുള്ള, 126.22 കോടിയുടെ നാലു പദ്ധതികളും, ഫിഷറീസ് ആൻഡ് അകാകൾച്ചർ ഇൻഫ്രാസ്ട്രക്ചർ ഡെവലപ്മെന്റ് ഫണ്ട് വഴി 161 കോടി മുടക്കുള്ള ഫിഷിങ് ഹാർബർ പദ്ധതിയുമാണിവ. ഈ മേഖലകളിൽ 1,47,522 പുതിയ തൊഴിലുകളും അനുബന്ധ മേഖലകളിൽ രണ്ടു ലക്ഷത്തിൽപരം പുതിയ തൊഴിലുകളും സൃഷ്ടിക്കപ്പെടും. ഇവയ്ക്കു പുറമേ മത്സ്യബന്ധന ബോട്ടുകൾക്ക് ഒരു ലക്ഷവും വാർത്താ വിനിമയ ഉപകരണങ്ങൾക്കും ട്രാൻസ്പോണ്ടറുകൾക്കും 364 കോടിയും ഒൻപതു തീരദേശ സംസ്ഥാനങ്ങൾക്കും നാലു കേന്ദ്ര ഭരണ പ്രദേശങ്ങളിലും വിതരണം ചെയ്യും. ഇതിന്റെ പ്രയോജനവും കേരളത്തിനു ലഭിക്കും.

വിവിധ സംസ്ഥാനങ്ങളിലായി നടപ്പാക്കുന്ന 77,000ൽപ്പരം കോടി പദ്ധതികളുടെ ഉദ്ഘാടനവും, തറക്കല്ലിടലും പ്രധാനമന്ത്രി മഹാരാഷ്ട്ര പാൽഗഡിൽ നടത്തി.

കേന്ദ്ര മന്ത്രി ജോർജ് കുര്യൻ, കേന്ദ്ര മന്ത്രിമാരായ സർബാനന്ദ് സോനോവാൾ, രാജീവ് രഞ്ജൻ സിങ്, എസ്പി സിഹ് ബാഗേൽ, മുഖ്യമന്ത്രി ഏകനാഥ് ഷിൻഡെ, ഗവർണർ സി.പി. രാധാകൃഷ്ണൻ, ഉപ മുഖ്യമന്ത്രി അജിത് പവാർ തുടങ്ങിയവർ പങ്കെടുത്തു.

പദ്ധതികൾ

1. കാസർകോട് ഫിഷിങ് ഹാർബർ വിപുലീകരണം70.53 കോടി. 30,000 മത്സ്യത്തൊഴിലാളികൾക്ക് പ്രയോജനം. കേന്ദ്ര വിഹിതമായ 42.30 കോടിയിൽ 10.58 കോടി ഫിഷറീസ് ഡിപ്പാർട്ട്മെന്റ് നല്കി. 18 മാസം കൊണ്ടു പൂർത്തിയാകും.
2. മലപ്പുറം പൊന്നാനി ഹാർബർ നവീകരണം18.73 കോടി. 44,572 മത്സ്യത്തൊഴിലാളികൾക്ക് പ്രയോജനം. കേന്ദ്ര വിഹിതമായ 11.23 കോടിയിൽ 2.80 കോടി നല്കി.
3. കോഴിക്കോട് പുതിയാപ്പ ഹാർബർ നവീകരണം16.06 കോടി. 24,500 മത്സ്യത്തൊഴിലാളികൾക്ക് പ്രയോജനം. കേന്ദ്ര വിഹിതമായ 9.63 കോടിയിൽ 2.40 കോടി രൂപ നല്കി. 18 മാസം കൊണ്ട് പൂർത്തിയാകും.
4. കോഴിക്കോട് കൊയിലാണ്ടി ഹാർബർ നവീകരണം20.90 കോടി. 20,400 മത്സ്യത്തൊഴിലാളികൾക്ക് പ്രയോജനം. കേന്ദ്ര വിഹിതം 12.54 കോടി. 3.13 കോടി നല്കി. 18 മാസം കൊണ്ടു പൂർത്തീകരിക്കും.
5. ആലപ്പുഴ അർത്തുങ്കൽ ഹാർബർ വികസനം161 കോടി. 27,680 മത്സ്യത്തൊഴിലാളികൾക്ക് പ്രയോജനം. കേന്ദ്ര സർക്കാരിന് നബാർഡ് 150 കോടി വായ്പ മൂന്നു ശതമാനം പലിശ നിരക്കിൽ ഫിഷറീസ് ആൻഡ് അകാകൾച്ചർ ഇൻഫ്രാസ്ട്രക്ചർ ഡെവലപ്മെന്റ് ഫണ്ടിലേക്ക് അനുവദിച്ചു. പദ്ധതി പൂർത്തിയാകുന്നതോടെ വർഷം 9525 ടൺ മൽസ്യവില്പന നടക്കും.

## റിലയൻസ് ജോലി നൽകുന്നത് ആറര ലക്ഷം പേർക്ക്; കഴിഞ്ഞ വർഷം സൃഷ്ടിച്ചത് 1.7 ലക്ഷം തൊഴിലവസരങ്ങൾ




**മുംബൈ:** വേണ്ടത്ര തൊഴിൽ സൃഷ്ടിക്കപ്പെടുന്നില്ലെന്ന വാർത്തകൾ നിറയുന്ന കാലത്ത് വലിയ തൊഴിലവസരങ്ങൾ സൃഷ്ടിച്ച് റിലയൻസ് ഇൻഡസ്ട്രീസ് ലിമിറ്റഡ്. 2023 24 സാമ്പത്തിക വർഷത്തിൽ മാത്രം റിലയൻസ് ഇൻഡസ്ട്രീസ് സൃഷ്ടിച്ചത് 1.7 ലക്ഷം തൊഴിലുകളാണെന്ന് കമ്പനിയുടെ ചെയർമാനും മാനേജിംഗ് ഡയറക്റ്ററുമായ മുകേഷ് അംബാനി.

റിലയൻസിൽ തൊഴിൽ വെട്ടിച്ചുരുക്കുകയാണെന്ന തെറ്റിദ്ധാരണജനകമായ റിപ്പോർട്ടുകളെ അദ്ദേഹം തള്ളിക്കളഞ്ഞു. രാജ്യത്തെ യുവതലമുറയ്ക്കായി കൂടുതൽ തൊഴിലുകൾ സൃഷ്ടിക്കുകയെന്നത് തങ്ങൾ ഏറ്റവുമധികം മുൻഗണന നൽകുന്ന വിഷയമാണെന്ന് റിലയൻസ് മേധാവി വ്യക്തമാക്കി.

ജീവനക്കാരുടെ എണ്ണത്തിൽ കുറവ് വന്നിട്ടുണ്ടെന്ന കണക്കുകൾ ജീവനക്കാരെ വ്യത്യസ്ത എൻഗേജ്മെൻറ് മോഡലുകളിലേക്ക് റീക്ലാസിഫിക്കേഷൻ വരുത്തിയതിനാലാണെന്ന് കമ്പനി വ്യക്തമാക്കി.പരമ്പരാഗത, പുതുതലമുറ തൊഴിൽ മേഖലകളിലായി റിലയൻസ് ഇൻഡസ്ട്രീസ് ലിമിറ്റഡിൻറെ ഭാഗമായി ജോലിയെടുക്കുന്നത് 6.5 ലക്ഷം പേരാണ്. നിരവധി ആഗോള ഏജൻസികൾ റിലയൻസിനെ ഇന്ത്യയിലെ ഏറ്റവും മികച്ച തൊഴിൽദാതാവായി റാങ്ക് ചെയ്തിട്ടുണ്ട്.ജീവനക്കാരുടെ വിവിധ ആനുകൂല്യങ്ങൾക്കായി കമ്പനി ചെലവഴിച്ച തുകയിൽ കഴിഞ്ഞ അഞ്ച് വർഷത്തിനിടെ ഇരട്ടി വർധനവുണ്ടായതായും അംബാനി പറഞ്ഞു. 2019 സാമ്പത്തിക വർഷത്തെ 12,488 കോടി രൂപയിൽ നിന്ന് 2024 സാമ്പത്തിക വർഷമെത്തിയപ്പോഴേക്കും ജീവനക്കാരുടെ ആനുകൂല്യങ്ങൾക്കായുള്ള ചെലവിടൽ 25,679 കോടി രൂപയായി ഉയർന്നു.

## വിഴിഞ്ഞത്ത് നാലാമത്തെ കപ്പൽ എത്തി

**തിരുവനന്തപുരം:** ലോകത്തെ ഏറ്റവുംവലിയ ചരക്കു കപ്പൽ കമ്പനിയായ എംഎസ്‌സിയുടെ ഡെയ്‌ലാ എന്ന മദർഷിപ്പ് വിഴിഞ്ഞം തീരത്തെത്തി. വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖത്ത് എത്തുന്ന നാലാമത്തെ കപ്പലാണിത്.

366 മീറ്റർ നീളവും 51 മീറ്റർ വീതിയുമുള്ള കപ്പലിന് 13,988 കണ്ടെയ്നറുകൾ വഹിക്കാനുള്ള ശേഷിയുണ്ട്. കണ്ടെയ്നറുകൾ ഇറക്കിയ ശേഷം ഡെയ്‌ലാ ശനിയാഴ്ച ശ്രീലങ്കയിലേക്ക് പുറപ്പെടും.

മൗറീഷ്യസിൽ നിന്ന് മുംബൈ തുറമുഖത്ത് എത്തിയ കപ്പൽ വ്യാഴാഴ്ചയാണ് വിഴിഞ്ഞത്തേക്ക് പുറപ്പെട്ടത്. മെഡിറ്ററേനിയൻ ഷിപ്പിംഗ് കമ്പനിയുടെ (എംഎസ്‌സി) വിഴിഞ്ഞത്തെത്തുന്ന ആദ്യ കപ്പൽ കൂടിയാണിത്.



എം.ഇ.എസ് യൂത്ത് വിംഗ് എറണാകുളം ജില്ലാ കമ്മിറ്റിയുടെ നേതൃത്വത്തിൽ ആരംഭിച്ച പെയിൻ ആൻഡ് പാലിയേറ്റീവ് പദ്ധതിയുടെ താലൂക്ക്തല ഉദ്ഘാടനം തായിക്കാട്ടുകര ഫാമിലി ഹെൽത്ത് സെന്ററിന് വീൽ ചെയർ നൽകിക്കൊണ്ട് എംഇഎസ് ജില്ലാ പ്രസിഡന്റ് കെ.എം ലിയാഖത്ത് അലിഖാൻ നിർവ്വഹിക്കുന്നു

# എം.ഇ.എസ് യൂത്ത് വിംഗിന്റെ നേതൃത്വത്തിൽ പെയിൻ ആൻഡ് പാലിയേറ്റീവ് കെയർ

**കൊച്ചി:** എം.ഇ.എസ് യൂത്ത് വിംഗ് എറണാകുളം ജില്ലാ കമ്മിറ്റിയുടെ നേതൃത്വത്തിൽ പെയിൻ ആൻഡ് പാലിയേറ്റീവ് കെയർ പ്രവർത്തനം തുടങ്ങി. താലൂക്ക് തല പ്രവർത്തനങ്ങളുടെ ഉദ്ഘാടനം എംഇഎസ്. ജില്ലാ പ്രസിഡന്റ് കെ.എം ലിയാഖത്ത് അലിഖാൻ തായിക്കാട്ടുകര ഫാമിലി ഹെൽത്ത് സെന്റർ മെഡിക്കൽ ഓഫീസറിന് വീൽചെയർ നൽകിക്കൊണ്ട് നിർവ്വഹിച്ചു. യൂത്ത് വിംഗ് ജില്ലാ പ്രസിഡന്റ് ഡോ. അൻവർ ഹസൈൻ അധ്യക്ഷത വഹിച്ചു. യൂത്ത് വിങ് ആരംഭിച്ച പെയിൻ ആൻഡ് പാലിയേറ്റീവ് കെയർ പദ്ധതിയെപ്പറ്റി എം.ഇ.എസ് ജില്ലാ സെക്രട്ടറി ഇ.എം നിസ്സാർ വിശദീകരിച്ചു. എംഇഎസ്. യൂത്ത് വിംഗ് സംസ്ഥാന ജനറൽ സെക്രട്ടറി ബി.എച്ച് മുഹമ്മദ് നിസാർ , സംസ്ഥാന സമിതി അംഗങ്ങളായ നവാസ് കുഴിവേലിപ്പടി, സുഹൈൽ അബ്ദുസ്സലാം, എംഇഎസ്. യൂത്ത് വിങ് ജില്ലാ സെക്രട്ടറി അമീർ അലി, ജില്ലാ ട്രഷറർ കെ.എ സിൽജു, യൂത്ത് വിംഗ് ജില്ലാ കമ്മിറ്റി അംഗം അൻസിൽ ഉമ്മർ, സി. എം. യാക്കൂബ്, ടി. കെ. മജീദ് താലൂക്ക് പ്രസിഡന്റ് അൻസാഫ് തുടങ്ങിയവർ പ്രസംഗിച്ചു.

# മെഡിക്കൽ വാല്യൂ ടൂറിസം വഴി പ്രതിമാസം 100 കോടി വരുമാനം സാധ്യമാക്കും: ആരോഗ്യ ഉച്ചകോടി

**കൊച്ചി:** സംസ്ഥാനത്തെ മെഡിക്കൽ വാല്യൂ ടൂറിസത്തിൽ നിന്ന് പ്രതിമാസം 100 കോടി രൂപ വരുമാനം നേടാൻ കേരളത്തിലെ ആധുനിക ആരോഗ്യ മേഖലയ്ക്ക് കഴിയുമെന്ന് കേരള ഹെൽത്ത് ടൂറിസം 11ാം പതിപ്പിലും ആറാമത്തെ ആഗോള ആയുർവേദ ഉച്ചകോടിയിലും പങ്കെടുത്ത വിദഗ്ധർ അഭിപ്രായപ്പെട്ടു. കേരളത്തിലെ ആധുനിക ആരോഗ്യ മേഖല ഇപ്പോൾ മെഡിക്കൽ വാല്യൂ സഞ്ചാരികളിൽ നിന്ന് പ്രതിമാസം ഏകദേശം 3040 കോടി രൂപ നേടുന്നുണ്ട്.മെഡിക്കൽ വാല്യൂ സഞ്ചാരികളെ ആകർഷിക്കുന്നതിനായി മിഡിൽ ഈസ്റ്റ് മേഖലയുമായുള്ള ബന്ധം കൂടുതൽ വർധിപ്പിക്കണമെന്ന് കോഴിക്കോട് ആസ്ഥാനമായുള്ള മെയ്ത്ര ഹോസ്പിറ്റൽ ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ നിഹാജ് ജി മുഹമ്മദ് പറഞ്ഞു.

ആധുനിക ചികിത്സ തേടി കേരളത്തിൽ ഏറ്റവും കൂടുതൽ രോഗികൾ വരുന്നത് ഒമാനിൽ നിന്നാണെന്നും അദ്ദേഹം പറഞ്ഞു.കൂടുതൽ മെഡിക്കൽ വാല്യൂ യാത്രക്കാരെ ആകർഷിക്കുന്നതിനായി കേരളത്തിൻറെ ആരോഗ്യ മേഖലയുടെ നേട്ടങ്ങൾ പ്രയോജനപ്പെടുത്തണമെന്ന് സിഐഐ കേരള ഹെൽത്ത് കെയർ പാനൽ കോകൺവീനറും മെഡിക്കൽ ട്രസ്റ്റ് ഹോസ്പിറ്റൽ മാനേജിംഗ് ഡയറക്ടറുമായ പി വി ലൂയിസ് പറഞ്ഞു. ചെലവ് കുറഞ്ഞ ആരോഗ്യ സേവനങ്ങൾ കേരളത്തിൻറെ സവിശേഷമായ നേട്ടമാണെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.മെഡിക്കൽ ഉപകരണങ്ങളുടെയും ഫാർമസ്യൂട്ടിക്കൽസിൻറെയും ഉൽപ്പാദന കേന്ദ്രമായി ഉയർന്നുവരാനുള്ള സംസ്ഥാനത്തിൻറെ നല്ല സാധ്യതകളും വിദഗ്ധർ എടുത്തു പറഞ്ഞു.കെപിഎംജിയും കോൺഫെഡറേഷൻ ഓഫ് ഇന്ത്യൻ ഇൻഡസ്ട്രിയും ചേർന്ന് തയ്യാറാക്കിയ കേരള മെഡിക്കൽ വാല്യൂ ട്രാവൽ വിഷൻ 2030 റിപ്പോർട്ടിൽ കേരളത്തിലെ ആരോഗ്യമേഖലയിലേക്ക് മെഡിക്കൽ ടൂറിസം വഴി വിദേശ നിക്ഷേപം ആകർഷിക്കുന്നതിൻറെ സാധ്യതകളെക്കുറിച്ച് പരാമർശം ഉണ്ട്.അന്താരാഷ്ട്ര മാനദണ്ഡങ്ങൾ അടിസ്ഥാനമാക്കി രോഗികളുടെ സുരക്ഷയ്ക്കും ആരോഗ്യ സംരക്ഷണത്തിൻറെ ഗുണനിലവാരത്തിനും ഊന്നൽ നൽകുന്ന പ്രവർത്തന മാർഗ്ഗനിർദ്ദേശങ്ങൾ രൂപപ്പെടുത്തണമെന്ന് റിപ്പോർട്ട് ശുപാർശ ചെയ്യുന്നു.മെഡിക്കൽ വാല്യൂ ടൂറിസത്തിൽ നിന്ന് 10 ബില്യൺ ഡോളർ വരുമാനം നേടാനാണ് കേരളം ലക്ഷ്യമിടുന്നതെന്ന് ആരോഗ്യമേഖലയിലെ സ്റ്റാർട്ടപ്പ് സംരംഭമായ മൈക്കരെ ഹെൽത്തിൻറെ സിഇഒ സെനു സാം പറഞ്ഞു. തായ്ലൻഡ് ഓരോ വർഷവും മെഡിക്കൽ വാല്യൂ ടൂറിസത്തിൽ നിന്ന് 15 ബില്യൺ യുഎസ് ഡോളർ സമ്പാദിക്കുന്നുണ്ട്. ആധുനിക വൈദ്യശാസ്ത്രം, ആയുർവേദം, വിനോദസഞ്ചാരം എന്നീ മേഖലകളിലെ കേരളത്തിൻറെ കരുത്ത് ഈ മേഖലയിലെ വളർച്ചാ സാധ്യതകൾ സാക്ഷാത്കരിക്കുന്നതിന് ആവശ്യമായ നയപരമായ സമീപനം സംസ്ഥാന സർക്കാർ സ്വീകരിക്കണമെന്നും അദ്ദേഹം അഭിപ്രായപ്പെട്ടു.ഷോകേസ് സ്റ്റാർട്ടപ്പ് സെഷനിൽ മില എഐ, സിഇഒ നികിത ശങ്കർ, സി ടി ഒ നീതു മറിയം ജോയ്,സിടിഒ, മില എഐ, ഗൗതമി എ,റാഷ്എയ്ഡ് എന്നിവർ സംസാരിച്ചു.ആയുഷ് മന്ത്രാലയത്തിൻറെയും കേന്ദ്രസംസ്ഥാന സർക്കാരുകളുടെയും പിന്തുണയോടെ കോൺഫെഡറേഷൻ ഓഫ് ഇന്ത്യൻ ഇൻഡസ്ട്രി ആറാമത്തെ ആഗോള ആയുർവേദ ഉച്ചകോടിക്കും കേരള ഹെൽത്ത് ടൂറിസം 2024 ൻറെ 11ാം പതിപ്പും സംഘടപ്പിച്ചത്. രണ്ട് ദിവസം നീണ്ട് നിന്ന പരിപാടി വെള്ളിയാഴ്ച സമാപിച്ചു.



# മാർ തോമസ് തറയിൽ ചങ്ങനാശ്ശേരി ആർച്ച് ബിഷപ്പ്; മാർ പ്രിൻസ് ആന്റണി പാണേങ്ങാടൻ ഷംഷാബാദ് ബിഷപ്പ്

**കൊച്ചി:** ചങ്ങനാശ്ശേരി അതിരൂപതയുടെ മെത്രാപ്പോലീത്തയായി മാർ തോമസ് തറയിലും ഷംഷാബാദ് രൂപതുടെ മെത്രാനായി മാർ പ്രിൻസ് ആന്റണി പാണേങ്ങാടനെയും നിയമിച്ചു. കാക്കനാട് മൗണ്ട് സെന്റ് തോമസിലെ മേജർ ആർക്കി എപ്പിസ് കോപ്പൽ കൂരിയയിൽ നടന്നുകൊണ്ടിരുന്ന മെത്രാൻ സിനഡാണ് ഇവരെ പുതിയ സ്ഥാനങ്ങളിലേക്കു തെരഞ്ഞെടുത്തത്. ഇതു സംബന്ധ മായുള്ള ഔദ്യോഗിക പ്രഖ്യാപനം ഇന്നലെഇറ്റാലിയൻ സമയം ഉച്ചയ്ക്കു 12 മണിക്കു വത്തിക്കാനിലും ഇന്ത്യൻ സമയം ഉച്ചതിരിഞ്ഞ് 3.30ന് കാക്കനാട് മൗണ്ട് സെന്റ് തോമസിലും നടത്തി.

സഭയുടെ ആസ്ഥാനകാര്യാലയത്തിൽ നടത്തിയ പൊതുസമ്മേളനത്തിൽ മേജർ ആർച്ചുബിഷപ്പ് മാർ റാഫേൽ തട്ടിൽ ആണ് ഇതു സംബന്ധിച്ച പ്രഖ്യാപനം നടത്തിയത്. മാർ തോമസ് തറയിലിനെ ചങ്ങനാശ്ശേരി അതിരൂപതയുടെ മെത്രാപ്പോലീത്തയായി നിയമിച്ചുകൊണ്ടുള്ള മേജർ ആർച്ചുബിഷപ്പിന്റെ കൽപ്പന മേജർ ആർക്കി എപ്പിസ്കോപ്പൽ ചാൻസലർ ഫാ. എബ്രഹാം കാവിൽപുരയിടത്തിലും മാർ പ്രിൻസ് ആന്റണി പാണേങ്ങാടനെ ഷംഷാബാദ് രൂപതയുടെ മെത്രാനായി നിയമിച്ചുകൊണ്ടുള്ള കൽപ്പന മേജർ ആർക്കിഎപ്പിസ്കോപ്പൽ വൈസ് ചാൻസലർ ഫാ. ജോസഫ് മറ്റത്തിലും വായിച്ചു.

തുടർന്നു മേജർ ആർച്ചുബിഷപ്പ്, ചങ്ങനാശ്ശേരി ആർച്ചുബിഷപ്പ് മാർ ജോസഫ് പെരുന്തോട്ടം ഇരുവരെയും ഷാൾ അണിയിച്ചും ഷംഷാബാദ് രൂപതയുടെ അഡ്മിനിസ്ട്രേറ്റർ മാർ ജോസഫ് കൊല്ലംപറമ്പിൽ ഇരുവർക്കും ബൊക്കെ നൽകിയും അനുമോദിച്ചു. പാലാ രൂപതാധ്യക്ഷനും പെർമനെന്റ് സിനഡ് അംഗവുമായ മാർ ജോസഫ് കല്ലറങ്ങാട്ടു സംസാരിച്ചു. നിലവിൽ അതിരൂപതയുടെ സഹായമെത്രാനായ മാർ തോമസ് തറയിൽ ചങ്ങനാശ്ശേരി അതിരൂപതാദ്ധ്യക്ഷനായിരുന്ന മാർ ജോസഫ് പെരുന്തോട്ടം 75 വയസ്സു പൂർത്തിയായതിനെത്തുടർന്നു രാജിവെച്ച ഒഴിവിലേക്കാണ് നിയമിതനായിരിക്കുന്നത്.

ഷംഷാബാദ് രൂപതാധ്യക്ഷനായിരുന്ന മാർ റാഫേൽ തട്ടിൽ സീറോമലബാർ സഭയുടെ മേജർ ആർച്ചുബിഷപ്പായി തെരഞ്ഞെടുക്കപ്പെട്ടതിനാലാണു 2017ൽ സ്ഥാപിതമായ രൂപതയുടെ രണ്ടാമത്തെ അധ്യക്ഷനായി നിലവിൽ അദിലാബാദ് രൂപതാമെത്രാനായ മാർ പ്രിൻസ് ആന്റണി പാണേങ്ങാടൻ നിയോഗിക്കപ്പെട്ടിരിക്കുന്നത്.

# ബി എസ് എൻ എൽ മാരത്തൺ ഒക്ടോബർ 20ന്

**കൊച്ചി :** ബി എസ് എൻ എലിന്റെ ഇരുപത്തിയഞ്ചാമത് സ്ഥാപക ദിനാചരണത്തോടനുബന്ധിച്ചു എറണാകുളം ബിസിനസ് ഏരിയ സംഘടിപ്പിക്കുന്ന മാരത്തൺ ഒക്ടോബർ 20 ന് നടക്കും. എറണാകുളം ദർബാർ ഗ്രൗണ്ടിൽ നിന്നും രാവിലെ 5.30 ന് ആരംഭിക്കുന്ന മാരത്തണിൽ 5 കിലോമീറ്റർ,10 കിലോമീറ്റർ ദൂരങ്ങളിൽ 50 വയസ്സിനു താഴെയും മുകളിലും രണ്ടു വിഭാഗങ്ങളിൽ ആദ്യത്തെ മൂന്നു സ്ഥാനക്കാർക്ക് സമ്മാനങ്ങൾ ലഭിക്കും. 5 കിലോമീറ്റർ മത്സരത്തിൽ 5000,2500, 1500 രൂപ വീതവും 10 കിലോമീറ്റർ മത്സരത്തിൽ 7500, 5000, 2500 രൂപ വീതവുമാണ് സമ്മാനാർഹർക്ക് ലഭിക്കുക.

മാരത്തണിന്റെ രെജിസ്ട്രേഷൻ സെപ്റ്റംബർ 1 മുതൽ ആരംഭിക്കും. കൂടുതൽ വിവരങ്ങൾക്ക് 9446022200/ 9446446546 എന്നീ നമ്പറുകളിൽ ബന്ധപ്പെടുക.

സൊസൈറ്റി ടുഡേ
SOCIETY TODAY




# വാട്ടർ ബെർത്തിങ് സ്യൂട്ടുമായി കിൻഡർ ഹോസ്പിറ്റൽ

**കൊച്ചി:** കിൻഡർ ഹോസ്പിറ്റൽ ആരംഭിക്കുന്ന ഹോസ്പിറ്റൽ മേഖലയിലെ കേരളത്തിലെ ആദ്യത്തെ വാട്ടർ ബർത്തിങ് സ്യൂട്ടിന്റെ ഉദ്ഘാടനം ചലച്ചിത്രതാരം അമലാ പോൾ ഇന്ന് നിർവഹിക്കും.എൽഡിആർപി ആന്റ് ബർത്ത് കബാനിയൻ സ്യൂട്ടിന്റെ ഉത്ഘാടനം എറണാകുളം എം പി ഹൈബി ഈഡനും നിർവഹിക്കും

വ്യത്യസ്തമായ നിരവധി ആഘോഷങ്ങളിലൂടെ പ്രഗ്നൻസി കാലം ആഘോഷമാക്കാറുള്ള കിൻഡർ ഹോസ്പിറ്റൽ നൽകുന്ന പുതിയ ഒരു ബെർത്തിങ് എക്സ്പീരിയൻസ് ആയിരിക്കും 'വാട്ടർ ബെർത്തിങ് സെന്റർ' വരുന്നതോടെ പ്രഗ്നന്റ് വുമൻസിന് ലഭ്യമാകുകയെന്ന് കിൻഡർ ഗ്രൂപ്പ് ചെയർമാൻ ഡോക്ടർ പ്രദീപ്കുമാർ വാർത്താ സമ്മേളനത്തിൽ പറഞ്ഞു.

നോർമൽ ഡെലിവറി നിരക്ക് 75% മുകളിൽ നിലനിർത്തുന്ന കിൻഡർ ഹോസ്പിറ്റൽ, നോർമൽ ഡെലിവറിക്ക് പ്രാധാന്യം നൽകുന്നതിനാണ് ഈ സംവിധാനം കൊണ്ടുവരുന്നത്.വരും വർഷങ്ങളിൽ ഗ്രൂപ്പിന്റെ ചേർത്തല, ബാംഗ്ലൂർ സെന്ററിൽ കൂടി വാട്ടർ ബർത്തിഗ് ആരംഭിക്കുംമെന്നും ചെയർമാൻ അറിയിച്ചു.

പ്രസവവേദന കുറയുന്നതിനും, വേദന രഹിത പ്രസവ രീതികൾ സ്വീകരിക്കുന്നതിനുള്ള സാധ്യത കുറയ്ക്കുകയും, കുഞ്ഞിനും അമ്മയ്ക്കും സുഖകരമായ സാഹചര്യം ഒരുക്കുന്നതിനും വാട്ടർ ബെർത്തിങ് സഹായിക്കുന്നു. വാട്ടർ ബർത്തിങ് സംവിധാനം ലോകോത്തര നിലവാരത്തിൽ വിദഗ്ദ്ധരായ ഡോക്ടർമാരുടെയും സ്റ്റാഫിന്റെയും മുഴുവൻ സമയ പരിചരണത്തിൽ നൽകുന്ന ഒന്നാണെന്ന് ഡോക്ടർമാർ അഭിപ്രായപ്പെട്ടു. ഇതോടൊപ്പം പ്രീമിയം ബെർത്തിങ് സ്യൂട്ട്, അഡ്വാൻസ് ചകഇഡ കെയർ , ഫീറ്റോ മെറ്റേണൽ സ്യൂട്ടിന്റയും ഉദ്ഘാടനം നടക്കും.

ഡോ.മധുജ ഗോപി ശ്യാം ( ഡിപ്പാർട്മെന്റ് ഓഫ് ഒബിജി ആൻഡ് ഗൈനക്കോളജി വിഭാഗം) , ഡോ. സ്മിതാ സുരേന്ദ്രൻ( ഡിപ്പാർട്മെന്റ് ഓഫ് ഒബിജി ആൻഡ് ഗൈനക്കോളജി വിഭാഗം) , രഞ്ജിത്ത് കൃഷ്ണൻ(സി.ഇ.ഒ കിൻഡർ ഗ്രൂപ്പ്), സതീഷ് കുമാർ (സി.ഒ.ഒ കിൻഡർ കൊച്ചി) എന്നിവരും വാർത്താ സമ്മേളനത്തിൽ പങ്കെടുത്തു.

## ടൂർ ഓപ്പറേറ്ററുടെ അശ്രദ്ധ

# ഇൻഷുറൻസ് തുക നഷ്ടമായി; മുക്കാൽ ലക്ഷം രൂപ നഷ്ടപരിഹാരം നൽകണം

**കൊച്ചി:** ട്രാവൽ ഇൻഷുറൻസ് അപേക്ഷയിൽ തീയതി തെറ്റായി രേഖപെടുത്തിയതിനാൽ ഇൻഷുറൻസ് തുക നിഷേധിക്കപ്പെട്ട യാത്രകാരന് ടൂർ ഓപ്പറേറ്റർ നഷ്ടപരിഹാരം നൽകണമെന്ന് എറണാകുളം ജില്ലാ ഉപഭോക്തൃ തർക്ക പരിഹാര കോടതി.ഇടപ്പള്ളി സ്വദേശി ചന്ദ്രമോഹൻ , എറണാകുളത്ത് പ്രവർത്തിക്കുന്ന സ്ഥാപനത്തിനെതിരെ സമർപ്പിച്ച പരാതിയിലാണ് എറണാകുളം ജില്ലാ ഉപഭോക്തൃ കോടതിയുടെ ഉത്തരവ്. 2022 ജനുവരി 16 മുതൽ 26 വരെ യുള്ള തീയതികളിലാണ് 25 പേരുള്ള യാത്ര സംഘം ഈജിപ്ത്, ജോർദാൻ ഉൾപ്പെടെയുള്ള സ്ഥലങ്ങളിലേക്ക് യാത്രതിരിച്ചത്.

ടൂർ പാക്കേജിൽ ഇൻഷുറൻസ് കവറേജ് കൂടി ടൂർ ഓപ്പറേറ്റർ ഉൾപ്പെടുത്തിയിരുന്നു.ഈജിപ്തിൽ നിന്ന് ജോർദാനിലേക്ക് മടങ്ങുന്ന യാത്ര സംഘത്തിന് കോവിഡ് പരിശോധനയുടെ ഭാഗമായി ആർ ടി പി സി ആർ ടെസ്റ്റ് നടത്തേണ്ടി വന്നു.

പരാതിക്കാരൻ ഉൾക്കൊള്ളുന്ന 7 പേർക്ക് കോവിഡ് പോസിറ്റീവായി. ഇവരുടെ യാത്ര മാറ്റിവെച്ച് ജോർദാനിൽ ആരോഗ്യ വകുപ്പിന്റെയും പോലീസിന്റെയും നിരീക്ഷണത്തിൽ ക്വാറന്റയിനിൽ കഴിയേണ്ടി വന്നു.പരാതിക്കാരന്റെ ഭാര്യ ഉൾപ്പെടെയുള്ളവർ ഉള്ള സംഘം യാത്ര പൂർത്തിയാക്കി നാട്ടിലേക്ക് മടങ്ങി.ടെസ്റ്റ് നെഗറ്റീവ് ആകുന്നതുവരെ പരാതി പരാതിക്കാരൻ ഉൾക്കൊള്ളുന്ന യാത്രാ സംഘത്തിന് അവിടെ കഴിയേണ്ടി വന്നു.ജനുവരി 30ന് ഇവർ വിമാനമാർഗ്ഗം കൊച്ചിയിലെത്തി. ഇങ്ങനെ എത്തിയവർക്ക് ടൂർ ഓപ്പറേറ്റർ 24 ,500/ രൂപ അധികമായി ഈടാക്കി. വിമാന യാത്ര കൂലി ,ഹോട്ടൽ താമസം ,ട്രാൻസ്പോർട്ടേഷൻ എന്ന ഇനത്തിലാണ് ഈ തുക. ഇൻഷുറൻസ് തുക ഉൾപ്പെടെ ചോദിച്ചു കൊണ്ട് പരാതിക്കാരൻ കമ്പനിയെ സമീപിച്ചെങ്കിലും അപേക്ഷ നിരസിക്കുകയാണ് ഇൻഷുറൻസ് കമ്പനി ചെയ്തത്. 2022 ഫെബ്രുവരി 16 മുതൽ 27 ഫെബ്രുവരി വരെയാണ് ഇൻഷുറൻസ് കവറേജ് ഉണ്ടായിരുന്നത്. എന്നാൽ യാത്രയുടെ യഥാർത്ഥ തീയതി അതായിരുന്നില്ല. ഇതിന് ടൂർ ഓപ്പറേറ്ററുടെ അശ്രദ്ധയാണ് കാരണം എന്നാണ് പരാതിക്കാരന്റെ വാദം. പരാതിക്കാരൻ കോവിഡ് ബാധിതൻ ആയതുകൊണ്ടാണ് യാത്ര സംഘത്തോടൊപ്പം വരാൻ കഴിയാതിരുന്നത്. അതുകൊണ്ട് പുതിയ വിമാന ടിക്കറ്റ് എടുക്കേണ്ടി വന്നു. അതാണ് അധിക തുക വാങ്ങാൻ കാരണം .

70 വയസ്സിനു മേലുള്ള മുതിർന്ന പൗരന് ടൂർ ഓപ്പറേറ്ററുടെ അശ്രദ്ധ മൂലം വലിയ മന:ക്ലേശവും ധനനഷ്ടവും ശാരീരിക ബുദ്ധിമുട്ടും നേരിടേണ്ടിവന്നു. പരാതിക്കാരന് അവകാശപ്പെട്ട ഇൻഷുറൻസ് തുക നിഷേധിക്കപ്പെട്ടതിനു കാരണം എതിർ കക്ഷിയുടെ ഭാഗത്തുള്ള സേവനത്തിനുള്ള അപര്യാപ്തതയാണ്. അതുകൊണ്ടുതന്നെ നഷ്ടപരിഹാരം ലഭിക്കാനുള്ള അവകാശം ഉപഭോക്താവിനുണ്ടെന്ന് ഡി ബി ബിനു അധ്യക്ഷനും, വി. രാമചന്ദ്രൻ , ടി.എൻ ശ്രീവിദ്യ എന്നിവർ അംഗങ്ങളുമായ ബഞ്ച് വ്യക്തമാക്കി.15,000/ രൂപ നഷ്ടപരിഹാരം, 10,000/ രൂപ കോടതി ചെലവ് , അധികമായി പരാതിക്കാരന് ചിലവാക്കേണ്ടി വന്ന 49,500/ രൂപ ഉൾപ്പെടെ 74,500/ രൂപ 45 ദിവസത്തിനകം പരതികാരന് നൽകണമെന്ന് ജില്ലാ ഉപഭോക്തൃ തർക്ക പരിഹാര കോടതി എതിർകക്ഷിക്ക് നിർദേശം നൽകി.

# പ്രവാസികൾക്ക് ലൈഫ്ഇൻഷൂറൻസ് പദ്ധതികളുമായി ടാറ്റാ എഐഎ

**കൊച്ചി:** ടാറ്റാ എഐഎ പ്രവാസികൾക്കായി അമേരിക്കൻ ഡോളറിലുള്ള ലൈഫ് ഇൻഷൂറൻസ് പദ്ധതികൾ അവതരിപ്പിച്ചു. ഇതിനായി ഇന്ത്യയിലെ ആദ്യത്തെ ഇൻറർനാഷണൽ ഫിനാൻഷ്യൽ സർവീസസ് സെന്ററായ ഗുജറാത്ത് ഇൻറർനാഷണൽ ഫിനാൻസ് ടെക്സിറ്റിയിൽ (ഗിഫ്റ്റ് സിറ്റി) ഓഫ്ഷോർ ബ്രാഞ്ച് ആരംഭിക്കുന്നതായും പ്രഖ്യാപിച്ചു. യുഎസ് ഡോളറിൽ പോളിസി ആനുകൂല്യങ്ങൾ ലഭ്യമാക്കുന്ന ലൈഫ് പ്രൊട്ടക്റ്റ് സുപ്രീം എന്ന സവിശേഷ പദ്ധതിയോടെയാണ് കമ്പനി പ്രവർത്തനം ആരംഭിക്കുകയെന്ന് ടാറ്റാ എഐഎ ചീഫ് എക്സിക്യൂട്ടീവ് ഓഫിസറും മാനേജിങ് ഡയറക്ടറുമായ വെങ്കി അയ്യർ പറഞ്ഞു.മരണം, അപകടം, അംഗഭംഗം, മാരക രോഗങ്ങൾ തുടങ്ങിയവയ്ക്ക് നൂറു വയസു വരെ പരിരക്ഷ നൽകുന്നതാണ് ഈ പോളിസി. എൻആർഐ ഉപഭോക്താക്കൾക്ക് തങ്ങളുടെ ജീവിത ശൈലി, മെഡിക്കൽ ഹിസ്റ്ററി, ജോലി തുടങ്ങിയവയുടെ അടിസ്ഥാനത്തിൽ അവരുടെ കവറേജ് ക്രമീകരിക്കുന്നതിനായി അഞ്ച് പ്ലാൻ ഓപ്ഷനുകളിൽ നിന്ന് തെരഞ്ഞെടുപ്പു നടത്താം. ആക്സിഡൻറൽ ഡെത്ത് ബെനിഫിറ്റ്, ക്രിട്ടിക്കൽ ഇൽനെസ് കവർ, സ്ഥിരമായ വൈകല്യത്തിനുള്ള പ്രീമിയം ഒഴിവാക്കൽ തുടങ്ങിയ ആഡ്ഓൺ ആനുകൂല്യങ്ങൾ ഉൾപ്പെടുത്താനും സൗകര്യമുണ്ടെന്നും അദ്ദേഹം പറഞ്ഞു.

# സൂപ്പർമണി കോബ്രാൻഡഡ് ക്രെഡിറ്റ് കാർഡ് അവതരിപ്പിച്ചു

**കൊച്ചി:** ക്രെഡിറ്റ്ഫസ്റ്റ് യുപിഐ പ്ലാറ്റ്ഫോമായ സൂപ്പർ.മണി, ഉത്കർഷ് സ്മോൾ ഫിനാൻസ് ബാങ്കുമായി ചേർന്ന് കോബ്രാൻഡഡ് ക്രെഡിറ്റ് കാർഡായ 'സൂപ്പർകാർഡ്' പുറത്തിറക്കി. സൂപ്പർ.മണിയുടെ 'സ്കാൻ ആൻഡ് പേ' ഫീച്ചർ ഉപയോഗിച്ച് സാധാരണ മർച്ചന്റ് പേയ്മെന്റുകളും യുപിഐ ഇടപാടുകളും നടത്താം. കൂടാതെ,കാർഡ് ഉടമകൾക്ക് നിരവധി ഓഫറുകളും ലഭ്യമാണ്.ഈ ക്രെഡിറ്റ് കാർഡ് ഉൽപ്പന്നം മുമ്പ് മുഖ്യധാരാ ക്രെഡിറ്റിൽ നിന്ന് ഒഴിവാക്കപ്പെട്ട ദശലക്ഷക്കണക്കിന് ഇന്ത്യക്കാർക്ക് ഉപകാരപ്പെടുമെന്ന് സൂപ്പർ. മണിയുടെ സ്ഥാപകനും സിഇഒയുമായ പ്രകാശ് സിക്കാരിയ പറഞ്ഞു.



സൊസൈറ്റി ടുഡേ
SOCIETY TODAY



## ഡൗൺടൗൺ ബൈ വർമ്മ ലക്ഷ്വറി റെസിഡൻഷ്യൽ പ്രൊജക്ടിന്റെ ശിലാസ്ഥാപനം നടന്നു

**കൊച്ചി:** കേരളത്തിലെ പ്രമുഖ ബിൽഡറായ വർമ്മ ഹോംസ്, തൃശൂർ സ്വരാജ് റൗണ്ടിനു സമീപം എക്കോടൂൺഡ് ഹോംസ് കൺസെപ്റ്റിൽ അവതരിപ്പിക്കുന്ന ഡൗൺടൗൺ ബൈ വർമ്മ ലക്ഷ്വറി റെസിഡൻഷ്യൽ പ്രൊജക്ടിന്റെ ശിലാസ്ഥാപനം നടന്നു. വർമ്മ ഹോംസ് ഡയറക്ടർ ഡോ. മിനി വർമ്മ ശിലാസ്ഥാപനം നിർവ്വഹിച്ചു. ചടങ്ങിൽ കമ്പനി മാനേജിംഗ് ഡയറക്ടർ കെ അനിൽ വർമ്മ, പ്ലാനിംഗ് മാനേജർ ആരതി വർമ്മ, ഓപ്പറേഷൻസ് മാനേജർ വൈശാഖ് വർമ്മ, തൃശൂർ കോർപറേഷൻ വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ വർഗ്ഗീസ് കണ്ടംകുളത്തി, വാർഡ് കൗൺസിലർ റെജി ജോയ് എന്നിവർക്കു പുറമേ ക്ഷണിക്കപ്പെട്ട അതിഥികളും സ്റ്റാഫ് അംഗങ്ങളും പങ്കെടുത്തു



## ഈസ്‌റ്റേണിന്റെ ഗോതമ്പ്, പരിപ്പ് പായസക്കൂട്ടുകൾ വിപണിയിൽ

**കൊച്ചി:** ഈ ഓണത്തിന് രണ്ട് പുതുപുത്തൻ പായസക്കൂട്ടുകൾ വിപണിയിൽ അവതരിപ്പിച്ചിരിക്കുകയാണ് ഈസ്‌റ്റേൺ. മധുരം പായസക്കൂട്ട് വിഭാഗത്തിൽ ഗോതമ്പ്, പരിപ്പ് പായസക്കൂട്ടുകളാണ് ഈ ഓണത്തിന് ലോകമെമ്പാടുമുള്ള മലയാളികൾക്കായി വിപണിയിലെത്തിച്ചിരിക്കുന്നത്. നിലവിൽ ലഭ്യമായ സേമിയ, പാലട പായസക്കൂട്ടുകൾക്കൊപ്പമാണ് പുതിയ ഗോതമ്പ്, പരിപ്പ് പായസങ്ങൾ കൂടി വിപണിയിലെത്തുക. ഈസ്‌റ്റേണിന്റെ ഇൻസ്റ്റന്റ് ഹിറ്റുകളാണ് മധുരം പായസക്കൂട്ടുകൾ. 300 ഗ്രാമിന്റെ ഒരു പാക്കറ്റിന് 75 രൂപക്കാകും പുതിയ പായസക്കൂട്ടുകൾ ലഭിക്കുക. സേമിയ, പാലട എന്നിവക്ക് 85 രൂപയാണ് വില.മലയാളിയുടെ ഭക്ഷണ വിഭവങ്ങളിൽ സുപ്രധാനമായ സ്ഥാനമാണ് പായസങ്ങൾക്കുള്ളത്. ഓണക്കാലത്ത് അതിന്റെ പ്രാധാന്യവും ഉപഭോഗവും വർധിക്കുന്നു. എല്ലാ നല്ല നിമിഷങ്ങൾക്കും മലയാളി പായസത്തിന്റെ മാധുര്യവും സന്തോഷവും ഒപ്പം കൂട്ടുന്നു. പായസത്തോടുള്ള മലയാളികളുടെ വൈകാരിക ബന്ധത്തിന്റെ കൂടി അടിസ്ഥാനത്തിലാണ് ഈസ്‌റ്റേൺ ഇക്കുറി രണ്ടു പുതിയ പായസക്കൂട്ടുകൾ വിപണിയിൽ എത്തിച്ചിട്ടുള്ളതെന്ന് ഈസ്‌റ്റേൺ സിഎംഒ  മനോജ് ലാൽവാനി വാർത്താസമ്മേളനത്തിൽ പറഞ്ഞു. മാറിയ ജീവിത സാഹചര്യത്തിനൊപ്പം ചുരുങ്ങിയ സമയം കൊണ്ട് പാകം ചെയ്യാൻ കഴിയുന്ന ഈസ്‌റ്റേൺ പായസക്കൂട്ടുകൾക്ക് പുതിയ പഴയ തലമുറകൾക്ക്  ഒരു പോലെ പ്രിയമെന്നാണ് ഈസ്‌റ്റേൺ നടത്തിയ സർവേകൾ പറയുന്നതെന്നും അദ്ദേഹം പറഞ്ഞു.

## ലോഗോ ഇൻസ്റ്റലേഷനു ഗിന്നസ് റിക്കാർഡ്

**കൊച്ചി:** ഫാർമസ്യൂട്ടിക്കൽ കമ്പനിയായ ഡോ. റെഡ്ഢീസ് ലബോറട്ടറീസ് ലിമിറ്റഡ്, ഏറ്റവും വലിയ ലോഗോ ഇൻസ്റ്റലേഷൻ നിർമിച്ചു ഗിന്നസ് വേൾഡ് റിക്കാർഡ്സിൽ ഇടം നേടി. ടൈപ്പ് 2 ഡയബറ്റിസ് മെലിറ്റസ് രോഗികൾക്കുള്ള ഗ്ലൈസെമിക് ഹാപ്പിനസ് ബോധവത്കരണ സംരംഭത്തിന്റെ ഭാഗമായാണ് 162 ചതുരശ്ര മീറ്റർ വലുപ്പമുള്ള ഇൻസ്റ്റലേഷൻ നിർമിച്ചത്

# തിമിംഗലസ്രാവിനെ സംരക്ഷിക്കാം; സ്കൂൾ കുട്ടികൾക്ക് സിഎംഎഫ്ആർഐയുടെ സമുദ്രപാഠം

**കൊച്ചി:** ലോക തിമിംഗലസ്രാവ് ദിനത്തിൽ സ്കൂൾ കുട്ടികൾക്ക് അവയുടെ സംരക്ഷണപാഠം പകർന്ന് നൽകി കേന്ദ്ര സമുദ്രമത്സ്യ ഗവേഷണ സ്ഥാപനം (സിഎംഎഫ്ആർഐ). വൈപ്പിൻ ഗവൺമെന്റ് യു പി സ്കൂളിലാണ് സിഎംഎഫ്ആർഐ ബോധവൽകരണ പരിപാടി നടത്തിയത്.വംശനാശ ഭീഷണി നേരിടുന്ന ഈ സ്രാവിനത്തെ വിദ്യാർത്ഥികൾക്കിടയിൽ പരിചയപ്പെടുത്തി. സൗമ്യനായ ഭീമമത്സ്യം എന്നാണ് അറിയപ്പെടുന്നത്. ഏറ്റവും വലിയ മത്സ്യമാണിത്. കടലിൽ ഇവ നേരിടുന്ന ഭീഷണികൾ വിദ്യാർത്ഥികളെ ബോധ്യപ്പെടുത്തി. സംരക്ഷണത്തിനായി ഏർപ്പെടുത്തിയ നിയമങ്ങൾ വിശദീകരിച്ചു.  ബോധൽകരണ  ക്ലാസ്സുകൾക്കൊപ്പം, പ്രശ്നോത്തരി, ചിത്രരചനപ്രസംഗ മത്സരങ്ങൾ എന്നിവയും സംഘടിപ്പിച്ചു. തിമിംഗലസ്രാവിന്റെ ചിത്രത്തിനൊപ്പം സ്ഥാപിച്ച ഫോട്ടോ ബൂത്ത് ശ്രദ്ധേയമായി.



സിഎംഎഫ്ആർഐ ഡയറക്ടർ ഡോ ഗ്രിൻസൺ ജോർജ്ജ് ഉദ്ഘാടനം ചെയ്തു. തിമിംഗലസ്രാവിന്റെ അതിജീവനവും സംരക്ഷണവും എല്ലാവരുടെയും ഉത്തരവാദിത്തമാണെന്നന് അദ്ദേഹം പറഞ്ഞു.

സിഎംഎഫ്ആർഐയിലെ പ്രിൻസിപ്പൽ സയന്റിസ്റ്റ് ഡോ ടി എം നജ്മുദ്ധീൻ,  സയന്റിസ്റ്റുമാരായ ഡോ രമ്യ എൽ, ഡോ ലിവി വിൽസൻ, സ്കൂൾ പ്രധാനാധ്യാപിക സ്മിത കെ ജി എന്നിവർ പ്രസംഗിച്ചു.



# ഐസ് സ്പേസിന് ലീപ്പ് അംഗീകാരം

**എടത്തല :** അൽ അമീൻ കോളേജിന്റെ സംരംഭകേന്ദ്രമായ ഐസ് സ്പേസിന് കേരള സ്റ്റാർട്ട്അപ്പ് മിഷൻ നൽകുന്ന ലീപ്പ് അംഗീകാരം സ്റ്റാർട്ട് അപ്പ് മിഷൻ സി ഇ ഒ അനൂപ് അംബിക ഇന്ന് കൈമാറും.  കേരള സ്റ്റാർട്ട് അപ്പ് മിഷൻ അസിസ്റ്റന്റ് മാനേജർഅരുൺ ഗിരീശൻ , കേരള സ്റ്റാർട്ട് മിഷൻ പ്രോജക്ട് കോഡിനേറ്റർ രാഹുൽ ഷാ, കോളേജ് ട്രസ്റ്റ് ചെയർമാൻ ജനാബ്. അൻവർ ഹാഷിം, ഫ്യൂച്ചറൈസ് ഹോസ്പിറ്റൽ ഡയറക്ടർ അഷ്ന ഹനീഷ്, അൽ അമീൻ എഡ്യൂക്കേഷണൽ ട്രെസ്റ്റിന്റെ ട്രെഷറർ ജനാബ്. ഫൈസൽ ഖാദർ ടി, മാനേജർ ഡോ. ജുനൈദ് റഹ്മാൻ, പ്രിൻസിപ്പൽ ഡോ. സിനി കുര്യൻ, ഐസ് സ്പേസ് കോഡിനേറ്റർ ഡോ. കല എൻ തുടങ്ങിയവർ ചടങ്ങിൽ പങ്കെടുക്കും കോളേജിനു പുറത്തുള്ള സംരംഭകർക്ക് കോളജിലെ ഐസ് സ്പേസ് വഴി പുതിയ സംരംഭത്തിനുള്ള അടിത്തറ നൽകാൻ കഴിയും എന്നതാണ് ലീപ്പിന്റെ പ്രത്യേകത.സ്റ്റാർട്ട് അപ്പ് മിഷനിൽ രജിസ്റ്റർ ചെയ്ത കമ്പനികൾക്കാണ് ഇൻക്യുബേഷൻ സ്പേസ് അനുവദിക്കുക. എം എസ് എം ഈ യുടെ ഹോസ്റ്റ് ഇൻസ്റ്റിറ്റ്യൂട്ട് ആണ് ഐസ് സ്പേസ് മാത്രവുമല്ല കമ്പനി ആക്ട് 2013 സെക്ഷൻ 8 (1) പ്രകരം രജിസ്റ്റർ ചെയ്യപ്പെട്ട കമ്പനിയുമാണ് ഐസ് സ്പേസ്.കേരളത്തിൽ അഞ്ചു കോളേജുകൾക്കാണ് സ്റ്റാർട്ടപ്പ് മിഷന്റെ ലീപ്പ് അംഗീകാരം ലഭിച്ചിട്ടുള്ളത് ഇതിൽ ഏക ആർട്സ് ആൻഡ് സയൻസ് കോളേജ് ആണ് എടത്തല അൽ അമീൻകോളേജ്. നിലവിൽ വിദ്യാർത്ഥികളുടെയും  അദ്ധ്യാപകരുടെയുമായി പത്തോളം സംരംഭങ്ങൾ ഇപ്പോൾ ഐസ് സ്പേസിന്റെ കീഴിൽ പ്രവർത്തിക്കുന്നു. പുതിയ വിദ്യാഭ്യാസ നയം അനുസരിച്ച് ഇൻഡസ്ട്രിക്ക് വേണ്ടത് എന്താണോ അത് വിദ്യാഭ്യാസ സ്ഥാപനം വഴി വിദ്യാർഥികളിലൂടെ എത്തിക്കണം എന്നാണ്.  ഇതുവഴി വിദ്യാർത്ഥികൾക്ക് ട്രെയിനിങ്ങും, പാർടൈം ജോലിയും, ഇന്റേൺ ഷിപ്പും ലഭ്യമാക്കാൻ കഴിയും.

# നിക്ഷാൻ കോഴിക്കോടും; ഉദ്ഘാടനം നാളെ

**കോഴിക്കോട്:** ഗൃഹോപകരണങ്ങൾ അടക്കമുള്ള വൈവിധ്യമാർന്ന ഉപ്പന്നങ്ങളുമായി നിക്ഷാൻ കോഴിക്കോട് പ്രവർത്തനമാരംഭിക്കുന്നു. നാളെ രാവിലെ 10.30 ന് പാണക്കാട് സയ്യിദ് സാദിഖ് അലി ശിഹാബ് തങ്ങൾ നിക്ഷാന്റെ പുതിയ ഷോറൂം ഉദ്ഘാടനം ചെയ്യുമെന്ന് നിക്ഷാൻ മാനേജിംഗ് ഡയറക്ടർ എം.എം.വി മൊയ്തു, എക്സിക്യൂട്ടീവ് ഡയറക്ടർ നിക്ഷാൻ അഹമ്മദ് എന്നിവർ വാർത്താ സമ്മേളനത്തിൽ പറഞ്ഞു.മേയർ ബീന ഫിലിപ്പ്, എം.കെ രാഘവൻ എം.പി, അഹമ്മദ് ദേവർ കോവിൽ എംഎൽഎ, തോട്ടത്തിൽ രവീന്ദ്രൻ എം.എൽ.എ തുടങ്ങിയവർ പങ്കെടുക്കും. ഗൃഹോപകരണങ്ങളും ഗാഡ്ജെറ്റുകളും കൂടാതെ മോഡുലാർ കിച്ചൻ, ഹോം ഓട്ടോമേഷൻ ഉൽപ്പന്നങ്ങൾ, ഹുഡ് ആന്റ് ഹോബ്, ഡിസൈൻ ഫാൻസ്, ഹോം ജിം, ഫോസ്റ്റ്, മാട്രസുകൾ തുടങ്ങിയ വിവിധ ഉൽപ്പന്നങ്ങൾ നിക്ഷാൻ ഷോറൂമിൽ ഉണ്ടായിരിക്കുമെന്ന് കമ്പനി അധികൃതർ വ്യക്തമാക്കി. ഉദ്ഘാടനത്തനോട് അനുബന്ധിച്ച് കോംബോ ഓഫറുകളും പ്രഖ്യാപിച്ചിട്ടുണ്ട്.  ഗൃഹോപകരണങ്ങൾക്കും ഗാഡ് ജെറ്റുകൾക്കും 75ശതമാനം വരെ വിലക്കുറവുണ്ട്. സ്കോഡ കുഷാക്ക് ആണ് ബംബർ സമ്മാനം.



# ദേശീയപാത വികസനം:പൊതുജനങ്ങളുടെ ആശങ്ക പരിഹരിക്കണം: ബെന്നി ബഹനാൻ എം പി

**കൊച്ചി:** ദേശിയപാത 544 ലെ ചിറങ്ങര, കൊരട്ടി, മുരിങ്ങൂർ, കൊടകര എന്നിവിടങ്ങളിലെ അടിപാതകളുടെയും മേൽപ്പാലങ്ങളുടെയും നിർമാണവുമായി ബന്ധപ്പെട്ട് എംപിയും ഉദ്യോഗസ്ഥരും സന്ദർശനം നടത്തി.

ചാലക്കുടി എംപി ബെന്നി ബെഹനാൻ, സനീഷ് കുമാർ എംഎൽഎ, നാഷണൽ ഹൈവേ അതോറിട്ടി പ്രൊജക്റ്റ് ഡയറക്ടർ അൻസിൽ, പ്രൊജക്റ്റ് മാനേജർ ബിജു, കൊരട്ടി പഞ്ചായത്ത് പ്രസിഡന്റ് പി സി ബിജു, കാടുകുറ്റി പഞ്ചായത്ത് പ്രസിഡന്റ് പ്രിൻസി ഫ്രാൻസിസ്, മേലൂർ പഞ്ചായത്ത് പ്രസിഡന്റ് സുനിത കെസി, കൊടകര പഞ്ചായത്ത് പ്രസിഡന്റ് അമ്പിളി സോമൻ, മറ്റു അനുബന്ധ ഉദ്യോഗസ്ഥരുടെയും ജനപ്രതിനിധികളുടെയും സാനിദ്ധ്യത്തിൽ പദ്ധതിയുടെ നിർമാണ പുരോഗതി വിലയിരുത്തുകയും പ്രദേശത്തെ ജനങ്ങളുടെ ആശങ്കകൾ പരിഹരിക്കുന്നതിനും വേണ്ടി നിർമാണം നടക്കുന്ന സ്ഥലങ്ങൾ സന്ദർശിച്ചുകൊണ്ട് മീറ്റിംഗ് നടത്തുകയുണ്ടായി.



# സ്പാനിഷ് സ്‌ട്രൈക്കർ ജീസസ് ജിമെനെസ് കേരള ബ്ലാസ്റ്റേഴ്സിൽ

**കൊച്ചി:** സ്പാനിഷ് മുന്നേറ്റ താരം ജെസസ് ജിമെനെസ് നൂനെസുമായി കരാർ ഒപ്പിട്ട് കേരള ബ്ലാസ്റ്റേഴ്സ് എഫ് സി. രണ്ട് വർഷത്തേക്കാണ് കരാർ. 2026 വരെ താരം ബ്ലാസ്റ്റേഴ്സിൽ കളിക്കും. ഗ്രീക്ക് സൂപ്പർ ലീഗിൽ ഒഎഫ്ഐ ക്രീറ്റിനൊപ്പം 2023 സീസൺ കളിച്ച ശേഷമാണ് ശേഷമാണ് ജിമെനെസ് ബ്ലാസ്റ്റേഴ്സിൽ ചേരുന്നത്.ഡിപോർട്ടീവോ ലെഗാനെസിന്റെ (സിഡി ലെഗാനെസ്) യൂത്ത് സംവിധാനത്തിലൂടെയാണ് മുപ്പതുകാരനായ ജിമെനെസ് കരിയർ ആരംഭിച്ചത്. റിസർവ് ടീമിനൊപ്പം രണ്ട് സീസണിൽ കളിച്ചു. 2013–14 സീസണിൽ അഗ്രുപാകിയോൻ ഡിപോർട്ടിവോ യൂണിയൻ അടർവെ, 201415 സീസണിൽ അലോർകോൺ ബി, 2015ൽ അത്‌ലറ്റിക്കോ പിന്റോ, 201516ൽ ക്ലബ് ഡിപോർട്ടിവോ ഇല്ലെക്കസ് ടീമുകൾക്കായും കളിച്ചു.സ്പാനിഷ് മൂന്നാം ഡിവിഷൻ ക്ലബ്ബായ എഫ്സി ടലവേരയിലാണ് മുപ്പതുകാരനായ സ്ട്രൈക്കറുടെ ആദ്യ കുതിപ്പ്. 201617 സീസണിൽ ജിമെനെസ് 33 മത്സരങ്ങളിൽ നിന്ന് 26 ലീഗ് ഗോളുകൾ നേടി. ക്ലബ്ബിനെ സെഗുണ്ട ബിയിലേക്ക് മുന്നേറാനും സഹായിച്ചു. രണ്ട് സീസണുകളിൽ കളിച്ച ജിമെനെസ് ടലവേരയ്ക്കായി എല്ലാ മത്സരങ്ങളിൽ നിന്നായി 36 ഗോളുകൾ നേടി. 68 മത്സരങ്ങളാണ് ആകെ കളിച്ചത്.ആറടി ഉയരവും 80 കിലോ ഭാരവും ഉള്ള ഈ മുന്നേറ്റ താരം തുടർന്ന് പോളിഷ് ഒന്നാം ഡിവിഷൻ ടീം ഗോർണിക് സബ്രേസിൽ ചേർന്നു. ഗോർണിക്കിനൊപ്പം നാല് സീസണുകളിൽ 134 മത്സരങ്ങളിൽ ഇറങ്ങി. 43 ഗോളുകൾ നേടി.എല്ലാ മത്സരങ്ങളിലും (എക്സ്ട്രക്ലാസ, പോളിഷ് കപ്പ്, യൂറോപ്പ ലീഗ്) നിന്നുമായി 26 ഗോളിന് അവസരവുമൊരുക്കി. ഗ്രീസിലെ കളികാലഘട്ടത്തിനു മുൻപ് ജിമെനെസ് അമേരിക്കൻ എം എൽ എസ് ക്ലബ്ബുകളായ എഫ്സി ഡാളസിനും ടൊറന്റോ എഫ്സിക്കും വേണ്ടി കളിച്ചു.



ഒമ്പത് ഗോളുകളും ആറ് എണ്ണത്തിന് അവസരവുമൊരുക്കി.ജീസസ് തങ്ങളുടെ ടീമിന്റെ ഭാഗമായതിൽ അതിയായ സന്തോഷമുണ്ടെന്ന് കേരള ബ്ലാസ്റ്റേഴ്സ് സ്പോർടിങ് ഡയറക്ടർ കരോലിസ് സ്കിൻകിസ് പറഞ്ഞു. വിവിധ ലീഗുകളിലെ അദ്ദേഹത്തിന്റെ അനുഭവസമ്പത്തും ഗോളടി മികവും ടീമിന്റെ ആക്രമണ നിരയെ ശക്തിപ്പെടുത്തുമെന്നും കരോലിസ് സ്കിൻകിസ് പറഞ്ഞു.കേരള ബ്ലാസ്റ്റേഴ്സ് എഫ്സിയിൽ ഈ പുതിയ അധ്യായം ആരംഭിക്കുന്നതിൽ അതിയായ സന്തോഷമുണ്ടെന്ന് ജീസസ് ജിമെനെസ് പറഞ്ഞു.

## എടിഎമ്മുകളിൽ യുപിഐ ഇന്റർ ഓപ്പറബിൾ ക്യാഷ് ഡെപ്പോസിറ്റ്

**കൊച്ചി:** രാജ്യത്തെ എടിഎം സംവിധാനത്തിൽ വൻ മാറ്റങ്ങൾ വരുത്തുന്ന പദ്ധതികൾക്ക് മുംബൈയിൽ നടക്കുന്ന ഗ്ലോബൽ ഫിൻടെക് ഫെസ്റ്റിൽ റിസർവ് ബാങ്ക് ഡെപ്യൂട്ടി ഗവർണർ ടി റാബി ശങ്കർ തുടക്കം കുറിച്ചു. യുപിഐ ഇന്റർ ഓപ്പറബിൾ ക്യാഷ് ഡെപ്പോസിറ്റ് (യുപിഐഐസിഡി), ഡിജിറ്റൽ ബാങ്കിങ് യൂണിറ്റ്സ് (ഡിബിയുഎസ്) എന്നിവ അടക്കമുള്ള പദ്ധതികളാണ് നാഷണൽ പെയ്മെൻറ്സ് കോർപറേഷൻ ഓഫ് ഇന്ത്യയുമായി ചേർന്ന് തുടക്കം കുറിച്ചത്.യുപിഐഐസിഡി വഴി ഉപഭോക്താക്കൾക്ക് ബാങ്കുകളുടേയും വൈറ്റ് ലേബൽ ഓപറേറ്റർമാരുടേയും എടിഎമ്മുകളിലൂടെ കാർഡ് ഇല്ലാതെ തന്നെ തങ്ങളുടെ സ്വന്തം ബാങ്ക് അക്കൗണ്ടുകളിലേക്കോ മറ്റ് ഏതെങ്കിലും ബാങ്ക് അക്കൗണ്ടുകളിലേക്കോ പണം നിക്ഷേപിക്കാനാവും. യുപിഐയുമായി ബന്ധിപ്പിച്ച ഫോൺ നമ്പർ, വെർച്വൽ പെയ്മെൻറ് അഡ്രെസ്സ് (വിപിഎ), അക്കൗണ്ട് ഐഎഫ്എസ്സി തുടങ്ങിയവയുടെ സഹായത്തോടെയാണ് പണം നിക്ഷേപിക്കാനാവുന്നതും പ്രക്രിയകൾ ലളിതമാക്കുന്നതും. എടിഎമ്മുകൾക്ക് ഡിജിറ്റൽ ബാങ്കിങ് യൂണിറ്റുകളായി പ്രവർത്തിക്കാനും സാധിക്കുന്നതാണ് അടുത്ത സേവനം. ഭാരത് ബിൽ പെയ്മെൻറ് സിസ്റ്റത്തെ ഭാരത് കണക്ട് ആയി റീബ്രാൻഡിങ് ചെയ്യുന്ന പ്രഖ്യാപനവും ഗ്ലോബൽ ഫിൻടെക് ഫെസ്റ്റിൽ നടത്തി.




# ടാറ്റ മോട്ടോർസിന് പുതിയ ഇവി റീട്ടെയിൽ സ്റ്റോറുകൾ

**കൊച്ചി:** കൊച്ചിയിൽ രണ്ട് പുതിയ ഇവി എക്സ്ക്ലൂസീവ് റീട്ടെയിൽ സ്റ്റോറുകൾ ആരംഭിച്ച് ടാറ്റ പാസഞ്ചർ ഇലക്ട്രിക് മൊബിലിറ്റി (ടിപിഇഎം). ഇടപ്പള്ളി, കളമശ്ശേരി എന്നിവിടങ്ങളിലാണ് ഈ പ്രീമിയം റീട്ടെയിൽ സ്റ്റോറുകൾ പ്രവർത്തനമാരംഭിച്ചിരിക്കുന്നത്. ഇവി ഉപഭോക്താക്കൾക്ക് പരമ്പരാഗ കാർ വിൽപ്പനയിൽ നിന്നും ഉപരിയായി ഏറ്റവും മികവുറ്റതും നൂതനവുമായ പർച്ചേസ്, ഓണർഷിപ്പ് അനുഭവങ്ങൾ ഈ സ്റ്റോറുകളിലൂടെ ഉപഭോക്താക്കൾക്ക് സ്വന്തമാക്കാമെന്ന് ടാറ്റ പാസഞ്ചർ ഇലക്ട്രിക് മൊബിലിറ്റി ലിമിറ്റഡ്, ടാറ്റ മോട്ടോർസ് പാസഞ്ചർ വെഹിക്കിൾസ് ലിമിറ്റഡ്. മാനേജിംഗ് ഡയറക്ടർ ശൈലേഷ് ചന്ദ്ര പറഞ്ഞു.

# ലോക നാളികേര ദിനാഘോഷം സെപ്റ്റംബർ 2ന്

**കൊച്ചി:** നാളികേര വികസന ബോർഡിന്റെ ആഭിമുഖ്യത്തിൽ ലോക നാളികേര ദിനാഘോഷം 'സർക്കുലർ സമ്പദ്‌വ്യവസ്ഥക്കായി കൽപ്പവൃക്ഷത്തിന്റെ മൂല്യം പരമാവധി വർദ്ധിപ്പിക്കാൻ ഉതകുന്ന കൂട്ടായ്മകൾ കെട്ടിപ്പടുക്കാം' എന്ന പ്രമേയത്തിൽ സെപ്റ്റംബർ 2ന് എറണാകുളം ടൗൺ ഹാളിൽ നടക്കും. മന്ത്രി പി. രാജീവ് ഉദ്ഘാടനം ചെയ്യും. എറണാകുളം എംപി ഹൈബി ഈഡൻ, മേയർ അഡ്വ. എം. അനിൽകുമാർ, എം.എൽ.എ ടി. ജെ. വിനോദ്, കൊച്ചിൻ കോർപ്പറേഷൻ കൗൺസിലർ (ഡിവിഷൻ 66) സുധാ ദിലീപ്, അഗ്രികൾച്ചർ പ്രൊഡക്ഷൻ കമ്മീഷണർ ഡോ. ബി. അശോക് ഐഎഎസ്, കൃഷി ഡയറക്ടർ ഡോ. അദീല അബ്ദുള്ള് തുടങ്ങിയവർ വിശിഷ്ടാതിഥികളായിരിക്കും. നാളികേര വികസന ബോർഡ് സിഇഒ ഡോ. പ്രഭാത് കുമാർ മുഖ്യ പ്രഭാഷണം നടത്തും.

ദക്ഷിണേന്ത്യൻ സംസ്ഥാനങ്ങളിൽ നിന്നുള്ള 500 ഓളം പുരോഗമന കർഷകരും, സംരംഭകരും, ഉത്പാദകരും, നാളികേര വികസന ബോർഡ് ഉദ്യോഗസ്ഥർ, കൃഷി വകുപ്പ് ഉദ്യോഗസ്ഥർ എന്നിവരും പരിപാടിയിൽ പങ്കെടുക്കും. കർഷകർക്കായി നാളികേര വികസന ബോർഡ് ഉദ്യോഗസ്ഥർ, തെങ്ങ് കൃഷി രീതിയും സസ്യ സംരക്ഷണവും, മൂല്യവർദ്ധനവ്, കയറ്റുമതി, വിപണി പ്രോത്സാഹനം എന്നീ വിഷയങ്ങളെ സംബന്ധിച്ച ക്ലാസ്സുകൾ നയിക്കും. ഇതോടനുബന്ധിച്ച് പ്രദർശന മേളയും സംഘടിപ്പിച്ചിട്ടുണ്ട്. സംസ്ഥാന കൃഷി/ഹോർട്ടികൾച്ചർ വകുപ്പുകൾ, സംസ്ഥാന കാർഷിക സർവ്വകലാശാലകൾ എന്നിവയുടെ സഹകരണത്തോടെ രാജ്യത്തുടനീളമുള്ള നാളികേര വികസന ബോർഡിന്റെ എല്ലാ പ്രാദേശിക ഓഫീസുകളിലും ലോക നാളികേര ദിനം ആഘോഷിക്കും.

# ലെഫിൻ പരുവപ്പറമ്പിൽ ചാക്കോയ്ക്ക് ഇന്റർനാഷണൽ അലുമിനി ഓഫ് ഇംപാക്റ്റ് അവാർഡ്

**കൊച്ചി:** അന്താരാഷ്ട്ര സ്റ്റുഡന്റ് മൊബിലിറ്റി പ്ലാറ്റ്ഫോമായ അപ്ലൈബോർഡ് 2024ലെ അന്താരാഷ്ട്ര അലുമിനി ഓഫ് ഇംപാക്റ്റ് പ്രോഗ്രാം വിജയികളെ പ്രഖ്യാപിച്ചു.

പുതിയ അന്താരാഷ്ട്ര വിദ്യാർത്ഥികൾക്ക് താമസ സൗകര്യം കണ്ടെത്തുന്നതിന് സഹായിച്ചതിന്റെയും നോവ സ്കോട്ടിയയുടെ ആശുപത്രി വികസന പ്രവർത്തനങ്ങൾ നടത്തുന്നതിനുള്ള പിന്തുണ നൽകിയതിന്റേയും പേരിലാണ് ഈ വർഷത്തെ വിജയികളിൽ ഒരാളായ ലെഫിൻ പരുവപ്പറമ്പിൽ ചാക്കോ എന്ന മലയാളി അംഗീകരിക്കപ്പെട്ടിരിക്കുന്നത്.

ആലപ്പുഴയിൽ നിന്നുള്ള ഇലക്ട്രിക്കൽ എൻജിനിയറായ ലെഫിൻ നോവ സ്കോട്ടിയ ഹെൽത്തിന്റെ ലിൻഡ്സെ കൺസ്ട്രക്ഷനിൽ പ്രോജക്റ്റ് കോഓർഡിനേറ്റർ/എഞ്ചിനീയർ എന്ന നിലയിൽ ആരോഗ്യ പരിപാലന സേവനങ്ങൾ മെച്ചപ്പെടുത്തുന്നതിൽ നിർണ്ണായകമായ പങ്ക് വഹിച്ചു.

# വാൾമാർട്ടിലൂടെ കയറുൽപ്പന്നങ്ങൾ അന്താരാഷ്ട്ര വിപണി കൂടുതൽ വിപുലീകരിക്കാനാകും: മന്ത്രി

**ആലപ്പുഴ:** കയർ കോർപ്പറേഷന്റെ ഉത്പന്നങ്ങൾ അമേരിക്കയുടെ വാൾ മാർട്ടിന്റെ ഗോഡൗണിലേക്ക് നൽകി തുടങ്ങുന്നതോടെ കയറിന്റെ അന്താരാഷ്ട്ര കമ്പോളത്തിലേക്കുള്ള വലിയൊരു ചുവടുവെപ്പാണ് സാധ്യമാവുന്നതെന്ന് വ്യവസായനിയമകയർ വകുപ്പ് മന്ത്രി പി.രാജീവ് പറഞ്ഞു. വാൾമാർട്ട് ഓൺലൈൻ മുഖാന്തിരം വിൽപ്പന നടത്തുന്നതിനുള്ള കയർ ഉൽപ്പന്നങ്ങളുടെ ആദ്യ കണ്ടെയ്നർ ഫ്ളാഗ് ഓഫും കയർ & ക്രാഫ്റ്റ് ഷോറും ഉദ്ഘാടനവും, പരമ്പരാഗത ഉൽപ്പന്നങ്ങൾ നിർമ്മിക്കുന്നതിന് പരിശീലനം നേടിയ തൊഴിലാളികൾക്കുള്ള സർട്ടിഫിക്കറ്റ് വിതരണവും കയർ കോർപ്പറേഷൻ ഹെഡ് ഓഫീസ് ഡിവിഷനിൽ നിർവഹിച്ച് സംസാരിക്കുകയായിരുന്നു മന്ത്രി.


നിലവിൽ ഒന്നരക്കോടി രൂപയുടെ ഉത്പന്നങ്ങളാണ് വാൾമാർട്ടിന്റെ ഓൺലൈൻ മാർക്കറ്റിലേക്ക് ആദ്യ ഘട്ടമായി നൽകുന്നത്.

ഡിസംബറോടെ അടുത്ത കണ്ടെയ്നർ അയയ്ക്കാൻ കഴിയും. നേരിട്ട് ഷോറൂമിലേക്ക് തന്നെ ഉൽപ്പന്നങ്ങൾ എത്തിക്കുന്നതാണ് അടുത്ത ഘട്ടം. ഗുണമേന്മയിൽ ഒരു തരത്തിലുള്ള വിട്ടുവീഴ്ചയും ഉണ്ടാകാൻ പാടില്ല എന്നതാണ് പ്രധാനമെന്ന് മന്ത്രി പി.രാജീവ് പറഞ്ഞു. വൈവിധ്യമാർന്ന ഉത്പന്നങ്ങൾ തയ്യാറാക്കാൻ തൊഴിലാളികളെ സജ്ജമാക്കുന്നതിന് തുടങ്ങിയ പരിശീലന പദ്ധതി മൂന്നു ബാച്ച് പൂർത്തിയാക്കി. 500 പേർക്കാണ് ഇത്തരത്തിൽ പരിശീലനം നൽകുന്നത്. കയർ ആൻഡ് ക്രാഫ്റ്റ് ഷോറൂമിൽ കയർ ഉൽപ്പന്നങ്ങൾ കൂടാതെ പരമ്പരാഗത മേഖലയിലെ മറ്റ് ഉൽപ്പന്നങ്ങളും ലഭ്യമാകും.

പൊതുമേഖലാ പരമ്പരാഗത ഉൽപന്നങ്ങൾക്ക് വേണ്ടിയുള്ള പുതിയ ഓൺലൈൻ പ്ലാറ്റ്ഫോം സർക്കാർ ആരംഭിക്കുകയാണ്. വിവിധ തട്ടുകളിലുള്ള സൊസൈറ്റികൾക്ക് രണ്ടര ലക്ഷം മുതൽ നാലു ലക്ഷം വരെ ഉള്ള സഹായ പദ്ധതി നടപ്പിലാക്കുകയാണ്. ഓണത്തിന് മുമ്പ് തന്നെ തൊഴിലാളികൾക്കുള്ള ഇൻകം സപ്പോർട്ട് നൽകുന്നതിനുള്ള നടപടി സർക്കാർ സ്വീകരിച്ചിട്ടുണ്ടെന്നും മന്ത്രി പറഞ്ഞു. വയനാട് ദുരന്തത്തിന്റെ പശ്ചാത്തലത്തിൽ നൽകുന്ന 10 ലക്ഷം രൂപ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് മന്ത്രി പി രാജീവ് ചടങ്ങിൽ ഏറ്റുവാങ്ങി.

പി.പി.ചിത്തരഞ്ജൻ എം.എൽ.എ അധ്യക്ഷത വഹിച്ച ചടങ്ങിൽ എച്ച്.സലാം എം.എൽ.എ, മുനിസിപ്പൽ ചെയർപേഴ്സൺ കെ.കെ.ജയമ്മ, കയർകോർപ്പറേഷൻ ചെയർമാൻ ജി.വേണുഗോപാൽ, കയർവകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി എ.പി.എം.മുഹമ്മദ് ഹനീഷ്, കയർ കോർപ്പറേഷൻ മുൻചെയർമാൻ ആർ.നാസർ, കയർവകുപ്പ് ഡയറക്ടർ ആനി ജൂലാ തോമസ്, ബി.പി.ടി എക്സിക്യൂട്ടീവ് ചെയർമാൻ കെ.അജിത്ത് കുമാർ, കയർ കോർപ്പറേഷൻ മാനേജിങ് ഡയറക്ടർ ഡോ.പ്രതീഷ് ജി.പണിക്കർ തുടങ്ങിയവർ പ്രസംഗിച്ചു.

## പി.വി സ്വാമി മെമ്മോറിയൽ ഇൻഡസ്ട്രിയൽ ആന്റ് സോഷ്യോ കൾച്ചറൽ അവാർഡ് ഗോകുലം ഗോപാലന്



**കോഴിക്കോട്:** സ്വാതന്ത്ര്യസമര സേനാനിയും രാഷ്ട്രീയ,സാമൂഹിക, സാംസ്ക്കാരിക,വിദ്യാഭ്യാസ മേഖലകളിൽ വ്യക്തിമുദ്രപതിപ്പിച്ച പി.വി സ്വാമിയുടെ സ്മരണയ്ക്കായി ഏർപ്പെടുത്തിയ പി.വി സ്വാമി മെമ്മോറിയൽ ഇൻഡസ്ട്രിയൽ ആന്റ് സോഷ്യോ കൾച്ചറൽ അവാർഡ് ഗോകുലം ഗ്രൂപ്പ് ഓഫ് കമ്പനീസ് എക്സിക്യൂട്ടീവ് ചെയർമാൻ ഗോകുലം ഗോപാലൻ അർഹനായതായി പി.വി സ്വാമി മെമ്മോറിയൽ ട്രസ്റ്റ് ചെയർമാൻ പി.വി ചന്ദ്രൻ വാർത്താ സമ്മേളനത്തിൽ പറഞ്ഞു.

മാതൃഭൂമി മാനേജിംഗ് ഡയറക്ടർ എം.വി ശ്രേയാംസ്കുമാർ ചെയർമാനും ഡോ. സി.കെ രാമചന്ദ്രൻ, സത്യൻ അന്തിക്കാട് എന്നിവർ അംഗളുമായ ജൂറിയാണ് അവാർഡ് ജേതാവിനെ തിരഞ്ഞെടുത്തത്. കോഴിക്കോട് ശ്രീനാരായണ സെന്റിനറി ഹാളിൽ നാളെ വൈകുന്നേരം നാലരയ്ക്ക് നടക്കുന്ന ചടങ്ങിൽ ഗോവ ഗവർണർ അഡ്വ. പി. എസ് ശ്രീധരൻ പിള്ള പുരസ്കാര സമർപ്പണം നടത്തു. പി.വി സ്വാമി മെമ്മോറിയൽ ട്രസ്റ്റ് ചെയർമാൻ പി.വി ചന്ദ്രൻ അധ്യക്ഷത വഹിക്കും.

മന്ത്രി അഡ്വ. പി.എ മുഹമ്മദ് റിയാസ് പ്രശംസിപത്രം സമ്മാനിക്കും. മേയർ ഡോ. ബീന ഫിലിപ്പ് അനുസ്മരണ സമിതിയുടെ ഉപഹാരം സമർപ്പിക്കും. കെ.രാഘവൻ എം.പി പൊന്നാടയണിയിക്കും. പി.വി ഗംഗാധരന്റെ മക്കളായ ഷെഗ്ന,ഷെർഗ എന്നിവർ ചേർന്ന് പുരസ്കാര ജേതാവിനെ പുഷ്പഹാരം അണിയിക്കും. മിനി രാജേഷ് പ്രശസ്തി പത്രം വായിക്കും.

## കെയുഡബ്ല്യുജെ സംസ്ഥാന സമ്മേളനം: സ്വാഗതസംഘം ഓഫീസ് ഉദ്ഘാടനം ചെയ്തു

**കൊച്ചി :** കേരള പത്രപ്രവർത്ത യൂണിയൻ (കെയുഡബ്ല്യുജെ) സംസ്ഥാന സമ്മേളനത്തിന്റെ സ്വാഗത സംഘം ഓഫീസ് എറണാകുളം പ്രസ് ക്ലബ്ബിൽ പ്രവർത്തനമാരംഭിച്ചു. കൊച്ചി മേയറും സ്വാഗത സംഘം മുഖ്യ രക്ഷാധികാരിയുമായ എം.അനിൽ കുമാർ ഉദ്ഘാടനം ചെയ്തു. എറണാകുളം പ്രസ് ക്ലബ് പ്രസിഡന്റ് ആർ. ഗോപകുമാർ അധ്യക്ഷത വഹിച്ചു. കിൻഡർ ഗ്രൂപ്പ് ചെയർമാൻ ഡോ.പ്രദീപ് കുമാർ, നിയുക്ത സംസ്ഥാന സമിതി അംഗങ്ങളായ സി.എസ് ബൈജു, ജിപ്സൺ സിക്കേര, ജില്ലാ ജോ. സെക്രട്ടറി ഷബ്ന സിയാദ്, നിർവാഹക സമിതി അംഗങ്ങളായ ടി.ആർ ജിതേഷ്, ലിജോ എം.ജി എന്നിവർ പങ്കെടുത്തു. ജില്ലാ സെക്രട്ടറി എം. ഷജിൽ കുമാർ സ്വാഗതവും വൈസ് പ്രസിഡന്റ് എൻ.കെ സ്മിത നന്ദിയും പറഞ്ഞു.



## വയോജനങ്ങൾക്ക് ആദ്യമായി ആയുഷ് മെഗാ മെഡിക്കൽ ക്യാമ്പുകൾ

**തിരുവനന്തപുരം:** വയോജനങ്ങളുടെ ശാരീരിക മാനസിക ആരോഗ്യം ലക്ഷ്യമിട്ട് സംസ്ഥാന ആയുഷ് വകുപ്പിന്റെ നേതൃത്വത്തിൽ 2400 സ്പെഷ്യൽ വയോജന മെഡിക്കൽ ക്യാമ്പുകൾ സംഘടിപ്പിക്കുമെന്ന് ആരോഗ്യ വകുപ്പ് മന്ത്രി വീണാ ജോർജ്. നാഷണൽ ആയുഷ് മിഷൻ, ഭാരതീയ ചികിത്സാ വകുപ്പ്, ഹോമിയോപ്പതി വകുപ്പ് എന്നിവയുടെ ആഭിമുഖ്യത്തിലാണ് ക്യാമ്പുകൾ സംഘടിപ്പിക്കുന്നത്. ആയുർവേദം, ഹോമിയോപ്പതി, യോഗനാച്ചുറോപ്പതി, സിദ്ധ, യുനാനി തുടങ്ങിയ എല്ലാ ആയുഷ് വിഭാഗങ്ങളേയും ഉൾക്കൊള്ളിച്ചു കൊണ്ടാണ് മെഡിക്കൽ ക്യാമ്പുകൾ സംഘടിപ്പിക്കുന്നത്. സംസ്ഥാനത്തെ മുഴുവൻ സർക്കാർ ആയുഷ് ആശുപത്രികൾ, ഡിസ്പെൻസറികൾ, ആയുഷ് ആരോഗ്യ സ്വാസ്ഥ്യ കേന്ദ്രങ്ങൾ, ആയുഷ് പ്രൈമറി ഹെൽത്ത് സെന്ററുകൾ, ട്രൈബൽ ആയുഷ് ഡിസ്പെൻസറികൾ എന്നിവ മുഖേന പ്രദേശികാടിസ്ഥാനത്തിൽ വിവിധ സ്ഥലങ്ങളിലാണ് ഈ ക്യാമ്പുകൾ സംഘടിപ്പിക്കുന്നത്. സെപ്റ്റംബർ മാസത്തിൽ സംഘടിപ്പിക്കുന്ന ഈ മെഡിക്കൽ ക്യാമ്പുകളുടെ സേവനം പരമാവധി വയോജനങ്ങൾ പ്രയോജനപ്പെടുത്തണമെന്ന് മന്ത്രി അഭ്യർത്ഥിച്ചു.ആയുർദൈർഘ്യം കൂടുതലുള്ള സംസ്ഥാനമാണ് കേരളം. വയോജനങ്ങളുടെ ആരോഗ്യ സംരക്ഷണത്തിന് സംസ്ഥാനം പ്രത്യേക പ്രാധാന്യമാണ് നൽകുന്നത്. അതിന്റെ ഭാഗമായാണ് ക്യാമ്പുകൾ സംഘടിപ്പിക്കുന്നത്. വയോജനങ്ങൾ പൊതുവേ അനുഭവിക്കുന്ന ശാരീരികാരോഗ്യ പ്രശ്നങ്ങളായ പേശികളുടെയും അസ്ഥികളുടെയും ബലക്ഷയം, ഉറക്കക്കുറവ്, മലബന്ധം, ജീവിതശൈലി രോഗങ്ങൾ തുടങ്ങിയവയും അവരുടെ മാനസിക സാമൂഹികാരോഗ്യവും ആയുഷ് ചികിത്സാ സംവിധാനങ്ങളിലൂടെ മെച്ചപ്പെടുത്തുവാൻ ലക്ഷ്യമിട്ടാണ് ആയുഷ് വയോജന മെഡിക്കൽ ക്യാമ്പുകൾ സംഘടിപ്പിക്കുന്നത്.

LiVa®
'Diamonds are forever'
MODULAR INTERIORS TOO!
www.livainteriors.com
Better Homes, Better Lives !



THE EVERLASTING MODULAR INTERIORS
SUPERIOR QUALITY IMPORTED AND INDIGENOUS RAW MATERIALS ONLY ARE USED
UNRIVALLED GERMAN ROBOTIC TECHNOLOGY FOR MANUFACTURING
GUARANTEE FOR 15 LONG YEARS* NOBODY CAN OFFER
EVER GROWING DELIGHTED LIVA FAMILY MEMBERS
LiVa KITCHENS & INTERIORS
TRUSTED since 2007 · 15 YEAR GUARANTEE · 100% GUARANTEED · ISO 9001 CERTIFIED · LOWEST HONEST PRICE
SOUTH INDIA'S MOST TRUSTED AND ADVANCED MODULAR INTERIOR MANUFACTURER

HEAD OFFICE & SHOW ROOM-KERALA
DOOR No.41/1065, RENJESHA BUILDING
OPPO. P.O.C, PADIVATTOM
ERNAKULAM-24
+91 9288022661/62

SHOWROOM-KARNATAKA
No.73, 80FT ROAD
NEAR HOYSALA CIRCLE
KENGERI SATELLITE TOWN
BANGALORE 560060
+91 9778685017/19

SHOWROOM-KERALA
OPPO. ROSY SCHOOL, CRYSTAL CENTRE
CHATHAPURAM, PALAKKAD, KERALA
FACTORY : KERALA
Kairady PO, Palakkad
+91 9288022663